
**അനിത. വി.**

**രണ്ടാം വർഷം എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്**


# അമ്മ



അമ്മയാണെനിക്കവനിയിൽ സർവ്വതും
;ആത്മാവും, ജീവനും, ജീവചൈതന്യവും;
അവർ തൻ ചെറുപുഞ്ചിരി നിറഞ്ഞൊരാമുഖം;
ആ പൊൻതിളക്കമുൾക്കൊണ്ട കണ്ണുകൾ
ഒരു പുതുവിസ്മയം പേറിയ കാതുകൾ
എല്ലാമെനിക്കെത്ര സൗഭാഗ്യദായകം
ആ പഴയ താരാട്ടിൻ സുഖസ്മൃതിയിലീഹൃദയം
മെപ്പോഴുമാനന്ദ ദുഗ്ദം നുകർന്നിടുന്നു.
ഷഡ്ദർശനങ്ങൾക്കും ശക്തിയില്ലോതുവാൻ
പ്രപഞ്ച സത്യത്തിലുന്നിയൊരാജന്മ മാഹാത്മാവും
എൻ ശരീരത്തിനുയിർപോകുവോളം
അവരെ മറക്കാനെനിക്കാവതുണ്ടോ
മാതൃഹൃദയത്തിൻ വിസ്തൃതിയളക്കുവാൻ
ഈ മർത്യജന്മത്തിന് ത്രാണിയുണ്ടോ
ആഴിയെ നീന്തിക്കടക്കാൻ ശ്രമിക്കുകിൽ
നൂനമതിൽതന്നെ ആഴ്ന്നുപോകും.

K.P. Rajanarayanan

I B.Com



# BIRTH OF A POEM



Poem

Rain blesses me often
The hope of a sunrise,
Silence precedes, with solemn stare
The birth of a poem in winter time.

Columns of mute moments
Is what presently story
Murmurs and hummings are heard
As across a coast

Deep inside, mind stays sound,
And if I give in,
Comes out the poet's soul
To recite pleasant, golden verses

Aneesh.K.R

ഹബീബ് റഹ്മാൻ
രണ്ടാം വർഷ എം.എ.ഹിസ്റ്ററി


# ക്ലാസ് മുറി

ക്ലാസ് മുറിയുടെ വിരസതയിൽ
ക്ലിയോപാട്ര വിയർത്തു കുളിച്ചു
അടക്കം പറച്ചിലും
തൊട്ടുരുമ്മലും നിലച്ചപ്പോൾ
ഷേക്സ്പിയർ പുസ്തകം
തുറന്നപ്പോൾ
ക്ലിയോപാട്ര ക്ലാസ് മുറിവിട്ട്
പുറത്തേയ്ക്കോടി
കാമ്പസിൽ നിന്ന് അവൾ വിളിച്ചു കൂവി
എല്ലാവരും പുറത്ത് കടക്കുക
ഓടി രക്ഷപ്പെടുക
കുട്ടികൾ ചിരിച്ചു -അത്ഭുതം കൂറി-
ഷേക്സ്പിയറുടെ കണ്ണുകൾ ചുവന്നു
അദ്ദേഹം ക്ലിയോപാട്രയെ പിടിച്ചു നിർത്തി
എന്തു വേണം കുട്ടി നിനക്ക്?
പറയു എന്തു വേണമെന്ന്?
ക്ലിയോപാട്ര പറഞ്ഞു
എന്നിൽ നിക്ഷേപിച്ച മുഴുവൻ
അറിവുകളും തിരിച്ചെടുക്കേണമേ!
എന്നിട്ട് നമുക്ക് ആദ്യേ പൂദ്യേ തുടങ്ങാം
ഷേക്സ്പിയർ കഷണ്ടിയിലെ
വിയർപ്പു തുടച്ചു മിഴിച്ചുനിന്നു പോയി.

**അഷറഫ് കെ.എം.**

**രണ്ടാംവർഷം ബി.എസ്.സി മാത്സ**

# ഇത്തിരി




ഓരത്തുചേർന്നു ഞാൻ ഉത്സവറോഡിന്റെ
ഒരുമയിൽ ഉത്സവം തെളിമയിൽ മനസ്സുകൾ
ഒത്തിരി മാനവഹസ്തങ്ങൾ തേടിയ
ഒരമ്മയെൻ ഹസ്തം പിടിച്ചായുസ്സോതിയോ?
കുറത്തിയായതൊരെന്റെയായുസ്സും കാണുവാൻ,
കാലത്തിൻ ബന്ധുവോ, കാലന്റെ മിത്രമോ?
കൈപ്പത്തിയോയെൻ സുഖദുഃഖ ശാഖകൾ
കള്ളത്തരങ്ങളഭാവമീയമ്മയിൽ
അല്ലെങ്കിലും ഭൂതമെന്തിനു കേൾക്കണം
ആകാശഭൂമികൾ ഓർമകൾ തെറ്റുമോ?
അല്പായുസ്സിൽ ശപിക്കേണ്ട കുറവിയെ
അരിയുടെ കാര്യമാണവിവേകമാവേണ്ട
വിൽക്കുവാനുണ്ടോയൊരിത്തരിയായുസ്സ്?
വെമ്പിയെൻ മനമതിന്നാവശ്യമായ മാത്രയിൽ?
വെറുതെയീ പ്രാണികൾ അങ്കുരിക്കുന്നുവോ?
വിലസാനവയ്ക്കുമുണ്ടാണ്ടുകൾ മനതാരിൽ
ഈയുള്ള ചിന്തകൾ ലോലമാവുന്നുവോ?
ഇല വീണ മുള്ളുകൾ കേടുപായുന്നുവോ?
ഇന്നിവിടെ ജീവന്റെ മൂല്യമകന്നുവോ?
ഇത്തിരി സ്നേഹത്തിൽ ധന്യത മാഞ്ഞുവോ?

അബ്ദുൽ റഷീദ്. കെ.
രണ്ടാം വർഷം എം.എസ്.സി സുവോളജി

# ജ്വരം പിടിച്ച സ്വപ്നങ്ങൾക്ക് വേണ്ടി



വിരൽ മുറിച്ചക്ഷരം കോറിയിട്ട
ഈ ഒടുവിലത്ത കത്തിലെന്താണ്
സിര പിളർന്നൊഴുകിയെത്തുന്ന
കണ്ണീരിന്റെ നിറമെന്താണ്...
ആകാശത്തിന്റെ അറിയാ ചെരുവുകളിൽ
ഭൂമിയുടെ വറുതികണ്ണുകൾ നെട്ടോട്ടമോടുകയാണ്
രാത്രിയുടെ കാളമേഘങ്ങൾ,
കിഴക്കൻ ചക്രവാളത്തിനപ്പുറത്ത് ഊർന്നിറങ്ങുമ്പോൾ
പെയ്യാനിരിക്കുന്ന വർഷമേഘങ്ങളുടെ വിരഹഗാനം
മരുപ്പച്ചകൾ മാത്രം കാണാത്ത മണൽക്കാടുകളിൽ
ഒരു രൗദ്ര സംഗീതമാവുകയാണ്.
തീരത്തോട് കിന്നാരം പറയാനിരിക്കുന്ന
തിരയുടെ കാലൊച്ചകൾ
വറുതിയുടെ വിഷാദം പൂണ്ട-
പകലിനോട് കയർക്കുകയാണ്.
ഒരു കയർക്കുകയാണ്.
ഒരു കിളിയുടെ നിണംപോലും പേറാത്ത
മാറ്റൊലിപ്പാട്ടുകൾ കടലിലലിയുകയാണ്.
വരും വാക്കിലൊക്കെയും വറുതിയുടെ,
വിറപൂണ്ട മൗനം നിങ്ങൾക്കൊരു വിഷാദമാകാം....
വസന്തത്തിന്റെ സുഗന്ധം പുതപ്പിച്ചൊരു ജഡം
ഈ വഴി കടന്നുപോകുമ്പോൾ
വർഷത്തിന്റെ തണുപ്പും നീരും ഊറ്റിക്കൊടുത്ത്
നിങ്ങളതിനെ യാത്രയാക്കുക.
വിരൂപതയുടെ യാത്രാമംഗളങ്ങൾ നേരുക.
പുലരുവോളം നിങ്ങൾക്കുറങ്ങാതിരിക്കാനാവില്ലെങ്കിൽ...
കണ്ണീരിന്റെ ജ്വരം പിടിച്ച സ്വപ്നം കാണാതിരിക്കാൻ
ശ്രമിക്കുക.

Maria Elias
III.B.A. Eng

# MEMORIES

It's a spring morning with joy and gay
Fond memories of past took me away
The dolls and toys which I played
It's still instored were I stayed
All my life in school and College
Where I got all my knowledge
The long corridor of the school
And the morning breeze so cool
Walks and Talks which I had with my friends
Was of books, play and the new treads
the song we sang in bus
Gave pleasure to us
The change in atmosphere was so quick
I did'nt know where I reach
But Fond memories of past will remain in my mind
When there is a spring morning of this kind.



# Self-Praise

Maria is my name
I have lot of fame
Which I can claim
And it is my aim

All call me beauty
'loz I say I am pretty
It sound so silly
If anybody call me milly

All in my house
Call me little mouse
Who's will you be spouse
On which I always rouse

Friends call me clown
Or call me girl in brown
Sometime I frown
Or sometime feel let down

മുബാറക്. എം.കെ
രണ്ടാം വർഷം അറബിക് & ഇസ്ലാമിക് ഹിസ്റ്ററി

# മോഹം




അകലങ്ങളിലൊരു മുകിലായ് പെയ്തൊഴിഞ്ഞുവോ നീ,
തുഷാരകണങ്ങളായ് അലിഞ്ഞൊഴിഞ്ഞുവോ നീ?
അപരാഹ്നത്തിലെയാലസ്യം പൂണ്ട നൊമ്പരങ്ങൾ
ഉഷസ്സിന്റെ ഉണ്മയിൽ ഉയിർകൊള്ളുമൊരുനാളിൽ,
അക്കരപ്പച്ച തേടിയലഞ്ഞയിക്കാലുകൾ
വഴുതിമാറുന്നുവോ കുതറിത്തെറിക്കുന്നുവോ?
നിന്റെ പാദങ്ങളുമ്മവെച്ച വഴിത്താര തേടുമീ–
പ്പഥികന്റെ പാഥേയത്തിലൊരു ദാഹാർത്ഥമാമാത്മാവുമാത്രം!
നിൻ പാവാട ഞൊറികളൊരു വെൺമേഘമായ് മാറുകി–
ലൊരു തണൽ വിരിച്ചു നീ മന്ദഹസിക്കണേ...
ശിശിരമീമനസ്സിലെ ചില്ലകളിലിനിയൊരു
മോഹം മാത്രമെന്തോ, കൊഴിയാതെ നിൽക്കുന്നു.
ശാരദരജനിയിലൊരന്തി മലരായിനീ,
സുഭഗമായ് ശോഭിക്കുമൊരു നോക്കുകാണാൻ
ഏതോ നിശീഥിനിയിലുറക്കമില്ലാതെ നീ
സ്വൈര്യം കെടുമ്പോഴൊരു താരാട്ടായ് തഴുകാം ഞാൻ
ഇരുൾമുറ്റിയോരീടുവഴികളിൽ വഴിതേടിയലയുമ്പോ–
ഴൊരു മിന്നാമിനുങ്ങായ് ഞാൻ കൂട്ടുകൂടാം.
ഉന്മാദമാ, യുയരത്തിലൊരു പറവയായെങ്കിൽ നീ
മെല്ലിച്ചയിക്കൊമ്പുകളിൽ കൂടുകൂട്ടാനിടം തരാം
എന്നാലും, കടലുതേടുന്ന കുഞ്ഞോളമല്ലോ നീ,
തഴുകിയൊഴുകിയിക്കടലിൽ വിലയിക്കാതിരിക്കില്ല നീ.

അസഹർ അബ്ദുള്ള വി.സി.
ഒന്നാം വർഷം ബി.എസ്.സി ഫിസിക്സ്

# നിലാവകന്നപ്പോൾ

ഇതളുകളിൽ പൊഴിയും കണ്ണുനീർ
വിരഹം തുടിക്കും കുമിളകളായ്
നിറവാർന്ന, നിലാവിന്റെ യാമങ്ങളിൽ
നികമകന്ന്, നിണവാർന്ന്, കരിഞ്ഞ് പോവുന്നുവോ

നിർഘാതമില്ലാതെ നാശം വിതച്ചുകൊണ്ടൊ
ടുവിലാത്മാവ് തേങ്ങുന്നുവോ നിഭൃത്യനായ്
കാക നിദ്രയിൽ യാത്ര ചൊല്ലുന്ന നിറവാർന്ന
സ്വപ്നങ്ങളറിയുന്നുവോ വേർപാടിൻ വേദന

നാളെക്കു കാത്തുനില്ക്കും പ്രണയം പുതുക്കാൻ
സ്വപ്നങ്ങളിൽ കഥകളിയാടും, ശലഭങ്ങളും
നേത്രി ഞാനെന്നോതി സുഗന്ധം പരത്തി
സ്നേഹം കൊടുത്തു സ്വന്തമാക്കിയ നീഹാരവും


ഒടുവിലറിയുന്നു, മനസ്സടർത്തി, സ്വപ്നം തകർത്തു
നെഞ്ചകം കീറിത്തുളച്ചു
പച്ചക്കു തിന്നുമീ നേത്രിയുടെ
ദാഹവും, ക്രീഡയും, ക്രോധവും

ആശയകന്നു, ആകാശമിരുളുന്നതും
നിലാവകന്നു, കരിമേഘം പടരുന്നതും
പുഞ്ചിരിക്കും മുഖത്തെ തെറിച്ച പല്ലുകൾ
രക്തം തേടുന്ന രാക്ഷസിയുടെതാവുന്നതും
അറിയുന്നുവോ?

ഭൂമിയെ തുലാഭാരം നടത്തി സ്നേഹം കൊടുത്ത
മുക്കുവന്റെ പ്രണയവും ദാഹവും
തട്ടിതകർന്നൊടുവിൽ, നേത്രി
ഏതൊരാത്മ ബന്ധത്തിൻപേരിൽ!

ബാബുലാൽ. കെ. റഹിമാൻ.
ഒന്നാം വർഷം പ്രി.ഡി.ഗ്രി

# പതിതന്റെ പ്രാർത്ഥന



സർവ്വതും കാക്കും ദൈവ
നാമത്തിൽ കുറിക്കട്ടെ പല്ലവിയടിയന്റെ
ഉള്ളിലെ തുടിപ്പുകൾ
വിടരാൻ വെമ്പൽ കൊള്ളു
മെത്രയോ മുകുളങ്ങൾ
ചന്തത്തിൽ വിരാചിക്കും
'ഫാറൂഖി'ന്നുദ്യാനത്തിൽ
സൗരഭം പരത്തുന്നോ
രായിരം സുമങ്ങളെ
വിടർത്തിയശസ്സിന്റെ
വനജ്യോത്സനകൾ നീളെ
ദൂരെ – പട്ടണം വിട്ടി-
ചേലെഴും കുന്നിൻമേലെ
അറിവന്നകത്തളം
തേടുമീ പതിതനെ
സ്വീകരിക്കണേ നിന്റെ
പുഷ്പവാടിയിൽ- വെറും
ചെമ്പനിർ മൊട്ടായെന്റെ
അന്തരംഗത്തിൻ മോഹം

കൃഷ്ണൻ.വി.ടി.
ഒന്നാം വർഷം ബി.എ.സോഷ്യോളജി.

# സ്നേഹനൊമ്പരം

ദു:ഖത്താൽ മൃതിയടഞ്ഞൊരീ മനസ്സിനെ
സ്നേഹമാം മൃതസഞ്ജീവിനിയാൽ
പുനരുത്ഭവംചെയ്ത പുണ്യസ്നേഹിതാ
നമിക്കുന്നു നിൻ പാദാരവിന്ദങ്ങളെ
തുച്ഛമാം ദിനങ്ങൾ കൊണ്ടിന്നു നാം
പിരിഞ്ഞിടാ. മുല്ലവല്ലി തേന്മാവിനെന്നപോൽ
നിൻ സാമീപ്യം എന്നിൽ വളർത്തുന്നു
ആഹ്ലാദം അനന്തനീലാകാശം പോൽ!
തള്ളി നീക്കുകയാണു ഞാൻ ദിനങ്ങ-
ളോരോന്നും മധുരകിനാവുകളാൽ
ഏകാന്ത ജീവിതനാളത്തിൽ നിൻമുഖം
ചെന്താരങ്ങൾ പോൽ ജ്വലിച്ചുനില്പൂ.
മനസ്സിടവിടാതുച്ചരിക്കുന്നു നിൻ
നാമത്തിലെയക്ഷരങ്ങളോരോന്നും
കാണാൻ കൊതിക്കുന്ന നേരത്തല്ലോ
തേടുന്നുയെൻ നയനങ്ങൾ ദൂരെ ദൂരെ
ആശിച്ചുലാളിച്ചെടുത്തുവെച്ചു നിൻ
കോമളമാം മുഖം ചിത്തത്തിലെൻ
മറ്റൊന്നുമില്ല നിന്നോർമ്മകളല്ലാതെ
എൻ ചിത്തത്തിലേറി നടക്കുവാനായ്
നമ്മൾ നയിക്കുമീ സ്നേഹം കഴിയില്ലാർക്കും
വേർപ്പെടുത്താൻ - വിധിക്കുപോലും!
കാലചക്രത്തിത്തിരിച്ചിലിൽ ഞാനകപ്പെട്ടുപോയാൽ
കാണും ഞാൻനിന്നെ പരലോകത്തു വെച്ചെങ്കിലും
അന്തമായിട്ടാഗ്രഹം ചൊല്ലിടട്ടെ ഞാൻ
നമ്മളെന്നും ചിരഞ്ജീവികളായെങ്കിലെന്ന്!

**ഷില്ലുജാസ്. എം**

**ഒന്നാം വർഷം ബി.എ. സോഷ്യോളജി**

# സ്വപ്നങ്ങൾ

എന്നുമെൻ പുലർകാല സ്വപ്നങ്ങൾ,
അവയെത്ര മനോഹരം!
വർണ്ണചിറകുകൾ വെച്ചെന്നെ,
വാനിലേക്കുയർത്തിയെൻ മോഹങ്ങൾ,
അവയെത്ര ചേതോഹരം!
കറുത്തിരുണ്ടെൻ ജീവിതപ്പാതയിൽ
പ്രത്യാശതൻ മുകുളങ്ങൾ,
ദുഃഖ സത്യങ്ങൾക്കിടയിൽ,
സ്വാന്തനത്തിൻ പ്രതീകങ്ങൾ,
ആശകളെന്നും വാനിലേക്കുയർത്തുന്നു,
പൂമ്പാറ്റയായ് പാറിപ്പറക്കുന്നു ഞാൻ.
മോഹങ്ങൾ തൻ സുന്ദര രഥത്തിലേറിയും
സ്വപ്നങ്ങൾ തൻ അനന്തമാം പാലങ്ങൾ
കടന്നുമിന്നിതാ മണ്ണിലെ പുഴുവും
വിണ്ണിലെ അരചനായീടുന്നു
എന്നുമീ മഹത്തര സ്വപ്നങ്ങൾ,
യാഥാർത്ഥ്യ മാവുകിലെത്ര ധന്യനീ
ഭൂവിൽ ഞാൻ !
അന്തരംഗം സ്വപ്നത്താൽ നിറയവേ,
മറ്റൊരു കിനാവിലേക്കായ്,
വഴുതി വീഴുന്നിതാ ഞാൻ
നിരാശതൻ വേനൽ കാറ്റേറ്റു
പിടയുമ്പോഴുമീ സ്വപ്നങ്ങളെന്നിൽ
വിരിയിരിക്കുന്നതായിരമായിരം
പുഷ്പങ്ങൾ

# തപസ്സ്

**ജാഫർ.എം.കെ.**
*രണ്ടാം വർഷ ബി.എ. ഇംഗ്ലീഷ്*




ദേവീ, എനിക്കോർമയില്ല,
എന്റെ കാത്തിരിപ്പിന്നെത്ര
പ്രായമായെന്ന്,
മന്ദാനിലൻ തൻ തലോടലേൽക്കുമ്പോൾ
ഞാൻ നിനച്ചതു നിൻ
മൃദുസ്പർശനമെന്ന്,
തെന്നലിൻ കുസൃതിയിൽ
വൃക്ഷത്തലപ്പുകൾ ഇളകവേ
ഞാൻ നിനച്ചതു നിൻ
വസ്ത്രാഞ്ചലത്തിൻ സീൽക്കാരമെന്ന്,
നിലാവ് മേഘത്തിലൊളിച്ചപ്പോൾ
ഞാൻ നിനച്ചതു നിൻ
പുനഃസമാഗമമെന്ന്,
എല്ലാ വഴിയിലും നീ പോയ നാൾമുതൽ
ദുഃഖസ്മൃതി നനവാറാതെ നിൽക്കുന്നു
സ്മൃതിവായു വീശുമ്പോൾ സ്വപ്നലോകത്തിലേ
ക്കുയരുന്നു ഞാൻ മയിൽ വാഹനത്തിൽ
നാമെന്ന ദുഃഖവും സ്വപ്നവും പങ്കിട്ടു
നർമ്മങ്ങൾ ചൊല്ലി വ്യഥകൾ മറന്നതും
ആകാശ നക്ഷത്രമെണ്ണിക്കളിച്ചു നാം
തൊടിയിലെ തൈമാവിൻ ചോട്ടിലിരുന്നതും
നേരെ ഇണങ്ങിയും പിണങ്ങിയും പിന്നെ
അക്കഥയോർത്തു പൊട്ടിച്ചിരിച്ചതും
ഞാൻ മാത്രം കാണുന്ന ഗഗനത്തിലിരുന്നു
കാണുന്നു നിന്റെ നവരംഗജാലമായ്
അകലെയാ നക്ഷത്ര പഥമൊന്നിൽ
കനകാഭ ചൊരിയുന്ന വർണ്ണ വിഹഗനമായ്
തുടരുമെൻ തീർത്ഥാടനത്തിലൊരിത്തിരി
തീർത്ഥമേകീടുവാനാരുണ്ടു പാരിൽ
കരളിന്നിരുൾ പൊട്ടി വിണ്ടിടുമ്പോൾ
ആശ്വാസമേകുവാനൊരുങ്ങുന്നു മണ്ണിൽ
ഇരവെന്നും പകലെന്നും ഭേദമില്ലാതെ
കാത്തിരിക്കുന്നു ഞാൻ, വ്യർത്ഥമെങ്കിലും
നിൻ പുനഃസമാഗമം
നോവിന്റെ മുൾക്കിരീടവും പേറി


P. Unneenkutty

# TO MONSI, THE FLUTIST

O Monsi !
Thy rhythmic blows into,
And the sequent pat of thy
Fingers in the pores of, thy
Beign flute rouse the campus
To dance in sheer oblivion.
O my soul !
Why thou art supine still?
Do brighten thy godly sense!
Let the flute be the hurricane
Agai'st all the filthy hatred!
May blissful passions abound in!
O the fleeting zephyr!
Why do thou linger on here?
Go away to every nook and corner!
Let the sweet, handsome flutist be
The chum to the dancing, lovely blooms!
Be the nightingales crest-fallen!

ബഷീർ പി.ടി.
രണ്ടാവർഷം പ്രി.ഡിഗ്രി

# വിധി



തമസ്സിന്റെ ഗന്ധം വിടരുമീ വീഥിയിൽ
എന്നെ വിരചിക്കുവാൻ വിട്ടൊരുക്കൂട്ടരെ
എന്റെ മോഹച്ചെപ്പുമായ് ഉയരെ പറക്കുന്ന
പക്ഷിയെ അമ്പെയ്ത് കൊന്ന സമൂഹമെ
പരിഹാസമുറ്റുന്ന നിങ്ങളുടെ വാൾകളിൽ
എന്റെ കുഞ്ഞുങ്ങടെ രക്തം പുരണ്ടില്ല?
എന്റെ കണ്ണീരിനെ കെട്ടിപുണരുവാൻ
എത്ര പകലുകൾ ഇനിയെത്ര രാവുകൾ
കാട്ടാറിൻ കാലൊച്ച കേൾക്കുന്ന കാനനം,
മണ്ണിന്റെ സ്വാന്തനം ഏൽക്കുന്ന ഭാഗ്യവാൻ
തട്ടിതകർക്കുന്ന ഓളക്കരങ്ങളിൽ
എത്രസുരക്ഷിതം കടലിന്റെ മക്കൾ
ദുരിതം ചുഴറ്റുന്ന നീചർക്കു പിന്നിൽ
എന്തിനീ സത്യത്തിൻ ഉജ്ജ്വല ഗോപുരം
എങ്കിലും എത്ര മനോഹരമീ വിശ്വം
കൂപ്പുന്നു കൈകൾ ഞാൻ നിന്നുടെ മുന്നിൽ
പൊട്ടിച്ചിരിക്കുന്ന കാറ്റിന്റെ ചാരെ
എൻനാദമെന്നേ മൗനം ഭജിക്കുന്നു.
അരുണന്റെ തീക്ഷ്ണമാം കരണങ്ങളേറ്റ
പൂമേനി എന്തേ വാടിത്തളരുന്നു
ഭൂമിതൻ കാമുകി തിങ്കളിൽ ശോഭയിൽ
ചിറകറ്റെൻ ചേതന തട്ടിപ്പിടയുന്നു.
നോവുകൾ മുളപൊട്ടി വളരുമെൻ മാനസ
കാലമിരിക്കുന്ന ഊഞ്ഞാലുമാത്രം
ഇരുളറയ്ക്കുള്ളിൽ ജീവിതം തള്ളുംനിൻ
വേദന എന്നോട് ചൊല്ലുമോ സോദരീ
കാലത്തിൻ കൈകളെ സ്നേഹിച്ചുകൊണ്ടൊരു
മോഹങ്ങളുണ്ടോ നിങ്ങൾക്കുസോദരെ
അഴലിന്റെ സാഗരം ഒറ്റയ്ക്കു നീന്താൻ
മുങ്ങിത്തളരണോ എന്റെ സൃഷ്ടാക്കളെ
എങ്കിലും എത്ര മനോഹരമീ വിശ്വം
കൂപ്പുന്നു കൈകൾ ഞാൻ നിന്നുടെ മുന്നിൽ
മോഹവും ദാഹവും ശാന്തിയുമുണ്ടോ
പറഞ്ഞുപറ്റിച്ചു എന്നെ മുൻഗാമികൾ
നീതിക്കു മുകളിലെ മുള്ളിൻ കിരീടം
മാറ്റില്ലേ, മാറ്റില്ലേ നിങ്ങളിലാരുമേ
വിധിയുടെ താരമപ്പൂവിലെ വണ്ടുഞാൻ
അല്പം തേൻനുകരുവാൻ ഒന്നിച്ചുപോരുമോ
വിധിയുടെ പാതയിൽ വിള്ളലുണ്ടാക്കി
അനർത്ഥം ക്ഷണിച്ചു വരുത്തല്ലെ മർത്ത്യരെ